ക്യാൻസർ രോഗനിയന്ത്രണ പദ്ധതികൾ

4(*152) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ഇതു സംബന്ധിച്ച് നടത്തിയ പഠനത്തിൽനിന്നും ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഉള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചു കഴിഞ്ഞുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തിരുവനന്തപുരം ആർ. സി. സി. ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ക്യാൻസർ രോഗ നിർണ്ണയത്തിന് ചെലവു കുറഞ്ഞതും ലഘുവും ആയ പരിശോധനാ രീതികൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത പരിശോധനാ രീതികൾ വ്യാപിപ്പിക്കാൻ ബോധവത്ക്കരണം നടത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) ക്യാൻസർ രോഗ നിർണ്ണയത്തിന് നടപ്പാക്കിത്തുടങ്ങിയ 'ക്യാൻസർനെറ്റ് ഓൺ ലൈൻ' പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ക്യാൻസർനെറ്റ് ഓൺ ലൈൻ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ചുതുടങ്ങിയിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെ ;

(ജി) സംസ്ഥാനത്ത് ക്യാൻസർ രോഗനിർണ്ണയത്തിനും ചികിത്സ നൽകുന്നതിനുമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :സർ,

(എ) ജനസംഖ്യാടിസ്ഥാനത്തിലുള്ള ക്യാൻസർ രജിസ്ട്രികളാണ് ക്യാൻസർ രോഗത്തിന്റെ തോത് കൂടുന്നോ കുറയുന്നോ എന്ന് മനസ്സിലാക്കാൻ സഹായിക്കുന്നത്. തിരുവനന്തപുരത്തും കരുനാഗപ്പള്ളിയിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള രണ്ട് രജിസ്ട്രികൾ ആർ.സി.സി നടത്തുന്നുണ്ട്. ഈ രണ്ട് രജിസ്ട്രികളിലും ക്യാൻസറിന്റെ തോത് വർദ്ധിക്കുന്നതായി ഇതുവരെ കണ്ടിട്ടില്ല. വായ്, ഗർഭാശയ ക്യാൻസർ എന്നിവയുടെ നിരക്ക് കുറയുന്നതായും സ്തനം, ശ്വാസകോശം എന്നീ അവയവങ്ങളിലുണ്ടാകുന്ന ക്യാൻസറിന്റെ നിരക്ക് കൂടുന്നതായും കണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലല്ല രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കേണ്ടത്. രോഗികൾ പലപ്പോഴും രോഗം മൂർച്ഛിച്ചതിനുശേഷമാണ് ആശുപത്രിയിൽ എത്താറുള്ളത്. അവരെ പ്രാരംഭദശയിൽ ആശുപത്രിയിൽ കൊണ്ടുവരാനും നല്ല ചികിത്സ നൽകി രോഗം ഭേദമാക്കാനുമാണ് കേരള സർക്കാർ ശ്രമിച്ചു വരുന്നത്. ഇതിലേയ്ക്കായി ഒരു ദശവത്സര കർമ്മ പരിപാടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 1988-98 കാലയളവിൽ നടപ്പാക്കുകയുണ്ടായി. പുകയില നിർമ്മാർജ്ജന പ്രവർത്തനം, ബഹുജന ബോധവൽക്കരണം, പ്രാരംഭ രോഗനിർണ്ണയ കേന്ദ്രങ്ങൾ കൊല്ലം, പത്തനംതിട്ട, കൊച്ചി, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങളാണ് നടത്തിയത്.

(സി) ജില്ലാ ക്യാൻസർ നിയന്ത്രണ സൊസൈറ്റികൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നത് ആർ.സി.സി.യാണ്. കൂടാതെ ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനവും നൽകുന്നുണ്ട്. ഇതോടൊപ്പം കേരളത്തിന്റെ പല ഭാഗങ്ങളിലും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും തുടർ പരിശോധനകളും നടത്തുന്നു. കരുനാഗപ്പള്ളി, എറണാകുളം, കോഴഞ്ചേരി, കൊടുങ്ങല്ലൂർ, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ ആർ. സി. സി. യിലെ വിദഗ്ധ ഡോക്ടർമാരെത്തി രോഗികളെ പരിശോധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) വായിലെ ക്യാൻസർ, സ്തനാർബ്ബുദം, ഗർഭാശയ ഗളാർബ്ബുദം എന്നിവ കണ്ടുപിടിക്കാൻ ചെലവു കുറഞ്ഞ പരിശോധനാ രീതികൾ ഉണ്ട്. ഗർഭാശയ ഗളപരിശോധന ആർ.സി.സി.യുടെ വിവിധ ഉപകേന്ദ്രങ്ങളിൽ ലഭ്യമാണ്. ജില്ലാ ക്യാൻസർ നിയന്ത്രണ സൊസൈറ്റികൾവഴി ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതാണ്. ഈ പരിശോധനകൾക്ക് പ്രചാരം നൽകുന്നതിനു വേണ്ടിയുള്ള ലഘുലേഖകളും, പോസ്റ്ററുകളും തയ്യാറാക്കിയിട്ടുണ്ട്. ഇതോടനുസബന്ധിച്ച് ആരോഗ്യവിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

(ഇ) ആർ.സി.സിയുടെ ഇന്റർ ആക്റ്റീവ് വെബ്സൈറ്റ് തയ്യാറായി കഴിഞ്ഞു. ഈ വെബ്സൈറ്റിലൂടെ സ്വയം പരിശോധനയ്ക്കും ലഘു പരിശോധനയ്ക്കുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, ക്യാൻസർ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാണ്. വിദൂര സ്ഥലങ്ങളിലുള്ള രോഗികളെ പരിശോധിക്കുന്നതിനുള്ള സാങ്കേതിക സംവിധാനമായ ക്യാൻസർ നെറ്റ് (ടെലി മെഡിസിൻ) ഇ. ആർ. ആന്റ് ഡി.സി.യുടെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒന്നുരണ്ടുമാസത്തിനുള്ളിൽ ആർ.സി.സി.യുടെ കൊച്ചിയിലുള്ള ഉപകേന്ദ്രവുമായി ഇത് ബന്ധം സ്ഥാപിക്കുന്നതാണ്.

(എഫ്) ഉണ്ട്. ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ ക്യാൻസർനെറ്റ് പദ്ധതിയുടെ ഉപകേന്ദ്രങ്ങളായിരിക്കും. ഇപ്പോൾ കരുനാഗപ്പള്ളി, കൊച്ചി, കോഴഞ്ചേരി, കൊടുങ്ങല്ലൂർ, കണ്ണൂർ, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ഇത്തരം കേന്ദ്രങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) തിരുവന്തപുരം ആർ. സി. സി.-യിൽ മിക്ക ആധുനിക സംവിധാനങ്ങളുമുണ്ട്. ഇവിടെ നിലവിലില്ലാത്ത ചില അത്യന്താധുനിക മെഷീനുകളും സാങ്കേതങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് ക്യാൻസർ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി മലബാർ ക്യാൻസർ സെന്റർ സ്ഥാപിച്ചു കഴിഞ്ഞു. ജില്ലാ ക്യാൻസർ നിയന്ത്രണ സൊസൈറ്റികൾ നിലവിൽ വരുന്നതോടെ ക്യാൻസർ നിയന്ത്രണത്തിനും സാന്ത്വന ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ വ്യാപകമാക്കുന്നതാണ്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ, പലപ്പോഴും ക്യാൻസർ രോഗം ബാധിച്ച് രോഗികൾ അതിന്റെ മൂർദ്ധന്യാവസ്ഥയിലാണ് രോഗിനിർണ്ണയത്തിന് ആശുപത്രിയിൽ എത്തുന്നതെന്ന് പറഞ്ഞു. അത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി എല്ലാ താലൂക്ക് ആശുപത്രികളിലും ക്യാൻസർ രോഗനിർണ്ണയത്തിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗനിർണ്ണയം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ : സർ, താലൂക്ക് ആശുപത്രിയിൽ വികസിപ്പിക്കുന്നതിന് നിർവ്വാഹമില്ല. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു കർമ്മസമിതി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1988-98-ലെ പത്തു വർഷക്കാലയളവിൽ ശക്തമായ കാമ്പയിനിംഗ് സംസ്ഥാനത്തു നടക്കുകയുണ്ടായി. പുകയില നിർമ്മാർജ്ജനം, അസുഖം വന്നയുടനെ ആശുപത്രിയിൽ പോകാനുള്ള പ്രേരണ തുടങ്ങിയവയിലുള്ള ബോധവൽക്കരണവും അതിലുൾപ്പെടും. എല്ലാ ജില്ലയിലുമുള്ള ക്യാൻസർ പരിശോധനാ ക്യാമ്പുകൾ, ആർ.സി.സി., സാമൂഹ്യ സംഘടനകൾ, ഗവൺമെന്റ് ഇവയിലൂടെയും ബോധവൽക്കരണപ്രവർത്തനം നടന്നു കഴിഞ്ഞിരിക്കുന്നു. പ്രാരംഭദശയിൽത്തന്നെ ഈ രോഗം കണ്ടെത്തി ചികിത്സിക്കുകയാണ് ഏക പോംവഴി.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ ഒരു ക്യാൻസർ പരിശോധനാകേന്ദ്രം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവിടെ വരുന്ന പല കേസുകളും ആർ.സി.സി. യിലേക്ക് റഫർ ചെയ്യേണ്ടുന്ന അവസ്ഥയാണ്. അതുകൊണ്ട്, ഇത്തരം കേന്ദ്രങ്ങളെ കൂടുതൽ ശക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ : സർ, കൊല്ലം, പത്തനംതിട്ട, കൊച്ചി, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലെല്ലാം ക്യാൻസർ പരിശോധനാകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ ചികിത്സകളും ഈ കേന്ദ്രങ്ങളിൽ നടത്താനുള്ള സംവിധാനം ഇപ്പോഴില്ല. ആർ.സി.സി.യുടെ പ്രവർത്തനം ഒരു ദിവസം മുഴുവനും ചെലവഴിച്ച് ഞാൻ കണ്ടിരുന്നു. വിദഗ്ധ ചികിത്സ ആവശ്യമെങ്കിൽ ആർ.സി.സി.യിൽത്തന്നെ അയയ്ക്കണം.

ശ്രീ. ജി. സുധാകരൻ : കരുനാഗപ്പള്ളിയിലെ ഓണാട്ടുകരയിൽ നിലവിലുള്ള ക്യാൻസർ പഠനകേന്ദ്രം നിർത്താലാക്കാൻ പോകുന്നതായുള്ള വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : സർ, ഇത്തരം സ്ഥാപനങ്ങൾ ഒന്നുംതന്നെ നിർത്തലാക്കാൻ ആലോചിച്ചിട്ടില്ല.

ശ്രീ. ജി. സുധാകരൻ : സർ, ക്യാൻസറിന്റെ ചികിത്സാച്ചെലവുകൾ വളരെ കൂടുതലായതുകൊണ്ട് പാവപ്പെട്ടവരും വരുമാനം കുറഞ്ഞവരുമായ ആളുകൾക്കെല്ലാം സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ : സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. കേരളത്തിൽ ക്യാൻസർ ബാധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുകയാണ്. പ്രായ വ്യത്യാസമോ സാമ്പത്തിക വ്യത്യാസമോ അതിനില്ല. ഇത്തരം രോഗികളെ എങ്ങനെ സഹായിക്കാൻ കഴിയുമെന്ന് ആലോചിക്കേണ്ടതുണ്ട്.

മി. സ്പീക്കർ : നമ്മുടെ സ്റ്റേറ്റിൽ മുഴുവൻ ആളുകൾക്കും പ്രയോജനകരമായിട്ടുള്ള ഒരു ഇൻഷ്വറൻസ് സ്കീം ഇന്നില്ല. അതുകൊണ്ട് ഒരു ക്യാൻസർ ഇൻഷ്വറൻസ് സ്കീം കൊണ്ടുവന്നുകൂടെ ?

ശ്രീ. വി. സി. കബീർ : സർ, വളരെ നല്ല നിർദ്ദേശമാണ്. ആ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ഉള്ള സമയംകൊണ്ട് ആവശ്യമായ കടലാസുകൾ നീക്കാം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, ഇൻഷ്വറൻസ് സ്കീം പാവപ്പെട്ടവർക്കുകൂടി ലഭ്യമാക്കുന്നതിന് ശ്രമിക്കണം. ക്യാൻസർ രോഗത്തിന് ഏതെങ്കിലും രാജ്യത്ത് പ്രതിരോധ കുത്തിവയ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. സി. കബീർ : സർ, എനിക്ക് കിട്ടിയ വിവരങ്ങൾ വച്ച് ക്യാൻസർ രോഗത്തിന് പ്രതിരോധ കുത്തിവയ്പ് ഒരിടത്തുമില്ല. ബോധവൽക്കരണം നടത്തി പ്രതിരോധിക്കാമെന്നല്ലാതെ പ്രതിരോധ കുത്തിവയ്പില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, ആയുർവേദത്തിൽ ഇതിനു ചില ഒറ്റമൂലികകൾ ഉണ്ട്. അതറിയാവുന്നവർ മറ്റാളുകൾക്ക് അത് പറഞ്ഞു കൊടുക്കാത്ത ദുഃസ്ഥിതിയുമുണ്ട്. ഹോമിയോപ്പതിയിൽ ക്യാൻസർ രോഗത്തിന് ഫലപ്രദമായ ചികിത്സാ സമ്പ്രദായം നിലവിലുണ്ട്. ഈ സമ്പ്രദായം ഫലപ്രദമായി ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ : സർ, ആയുർവേദത്തിലും ഹോമിയോപ്പതിയിലും പാലിയേറ്റീവ് കെയറിനുവേണ്ടിയുള്ള മരുന്നുകൾ ഉള്ളതായി മനസ്സിലാക്കുന്നുണ്ട്. രോഗം വരാതിരിക്കുന്നതിനുള്ള പ്രതിരോധത്തിന് അത്തരം മരുന്നുകൾ ഉപയോഗിക്കാൻ കഴിയുകയില്ല.

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, കേരളത്തിൽ എത്ര ക്യാൻസർ രോഗികൾ ഉണ്ട് എന്നു വ്യക്തമാക്കുമോ ?

ശ്രീ. വി. സി. കബീർ : സർ, നിർഭാഗ്യവശാൽ അത്തരമൊരു സെൻസസ് എടുത്തിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിച്ചപോലെ ഇൻഷ്വറൻസ് സ്കീം ആവിഷ്ക്കരിക്കുമ്പോൾ ക്യാൻസർ രോഗികളുടെ സെൻസസും എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, അമേരിക്കയിലെ ജോർജ്ജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ മലയാളിയായ ഡോക്ടറുടെ ഒരു ലേഖനം വായിക്കാനിടയായി. അതിൽ പറയുന്നത് രോഗം ഡിറ്റക്ട് ചെയ്തുകഴിഞ്ഞാൽ അവിടെവച്ച് അത് തടയാം, ഫർതറായിട്ടുള്ള വളർച്ചയും ശക്തിയും കുറയ്ക്കാം എന്നാണ്. അലോപ്പതിയിൽ ഇത് ഭേദപ്പെടുത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. ആ നിലയ്ക്ക് നമ്മുടെ ഡോക്ടർമാരെ അമേരിക്കയിലയച്ച് ഇതിനുള്ള പരിശീലനം ലഭ്യമാക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. വി. സി. കബീർ : സർ, ഇതൊരു പുതിയ അറിവാണ്. ആ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാം.

ഡോ. എം. എ. കുട്ടപ്പൻ : സർ, സുപ്രസിദ്ധ സിനിമാനടനായ ശ്രീ. ബാലൻ കെ. നായർ എല്ലിനെ ബാധിക്കാറുള്ള ക്യാൻസർ രോഗം ബാധിച്ചാണ് മരിച്ചത്. ആർ.സി.സി.യിൽ ഇതിനുള്ള എല്ലാ ചികിത്സയുമുണ്ടെന്ന് അവിടത്തെ ഡോക്ടർ പറയുമ്പോൾ അതിന്റെ ഡയറക്ടർ ശ്രീ. കൃഷ്ണൻനായർ പറയുന്നത് അങ്ങനെയുള്ള ആളുകളെ ഡൽഹിയിൽ കൊണ്ടുപോയി ചികിത്സിപ്പിക്കണമെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് അന്വേഷിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. വി. സി. കബീർ : സർ, ഇക്കാര്യം പഠിച്ചേ മറുപടി പറയാൻ കഴിയൂ. ആർ.സി.സി.യിൽ ഒരു ശ്രദ്ധ വേണമെന്ന അഭിപ്രായം ഗവൺമെന്റിനുണ്ട്. അവിടെ ഒത്തിരി കുശുമ്പുണ്ട്. കേരളത്തിൽ കിട്ടാവുന്ന ഏറ്റവും നല്ല ചികിത്സയായിരുന്നു ബാലൻ കെ. നായർക്ക് നൽകിയിരുന്നത്. എല്ലാവരും ഇഷ്ടപ്പെടുന്ന ആ നടനെ ഞാനും ആശുപത്രിയിൽ പോയി കണ്ടിരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്വകാര്യ ബ്ലഡ് ബാങ്കുകൾ

5 (*153) ശ്രീ. എം. ദാസൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ബ്ലഡ് ബാങ്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly